# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5014 — 23.03.2018 ന് മറുപടിയ്ക്ക്.

## പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മുരളി പെരുനെല്ലി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പമന്ത്രി) |
| (എ) പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം എത്രയാണ്; | (എ) 1980-ലെ റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ്-ന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവ് ജി.ഒ (എം.എസ്) 96/2014/വനം തീയതി 17.11.2014 പ്രകാരം വനത്തിനു പുറത്തുവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നയാളുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപയും വനത്തിനുള്ളിൽ വച്ച് പാമ്പുകടിയേറ്റോ വന്യജീവികളുടെ ആക്രമണത്തിലോ മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപയും നഷ്ടപരിഹാരം നൽകി വരുന്നു. |
| (ബി) 24.4.2014 ന് പാമ്പുകടിയേറ്റ് മരണപ്പെട്ട ബിജുവിന്റെ മാതാവ് തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗണേശമംഗലം പി.ഒ.യിൽ കിഴക്കേപ്പാട്ട് വീട്ടിൽ ശ്രീമതി മല്ലികയ്ക്ക് അനുവദിച്ച ധനസഹായം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് മണലൂർ എം.എൽ.എ. മുഖേന സമർപ്പിച്ച അപേക്ഷ പ്രകാരം ധനസഹായം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ബി) തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി ഗണേശമംഗലം -പി.ഒ-യിൽ കിഴക്കേപ്പാട്ട് വീട്ടിൽ ശ്രീമതി.മല്ലികയുടെ മകൻ ബിജു, 24.04.2014-ന് പാമ്പുകടിയേറ്റു മരണപ്പെട്ടത് വനത്തിനു പുറത്തു വച്ചാണ്. നിലവിലെ ചട്ടപ്രകാരം പരേതന്റെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം വനം വകുപ്പിൽ നിന്നും നൽകിയിട്ടുണ്ട്. ന,ഷ്ടപരിഹാര തുക വർദ്ധിപ്പിച്ചു നൽകാൻ നിലവിലെ ചട്ടപ്രകാരം വ്യവസ്ഥയില്ല. |

സെക്ഷൻ ഓഫീസർ